manoramaonline.com

Close

# സഹായഹസ്തവുമായി ഹെൽപ് സേവ് ലൈഫ് പത്താം വർഷവും

.

Story Dated: Friday, November 4, 2011 21:31 hrs IST

ന്യൂജഴ്സി: ജന്മനാട്ടിലെ അശരണരും രോഗികളുമായ നിർധനർക്ക് സാമ്പത്തിക സഹായം എത്തിച്ചുകൊടുക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്കയിൽ ജോലി ചെയ്യുന്ന ഏതാനും മലയാളി ചെറുപ്പക്കാർ തുടങ്ങിവച്ച ഹെൽപ് സേവ് ലൈഫ് എന്ന ചാരിറ്റി സംഘടന പത്താം വർഷവും സഹായഹസ്തവുമായി മുന്നോട്ട്.

ലൻഡ് എ ഹാൻഡ് ടു മെൻഡ് എ ലൈഫ് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി 2001 നവംബർ ഒന്നിന് തുടങ്ങിയ സംഘടനയിൽ ഇപ്പോൾ ഇരുനൂറോളം അംഗങ്ങൾ ഉണ്ട്. 250 ഓളം നിർധന കുടുംബംങ്ങൾക്കായി 228,000 ഡോളറിന്റെ സഹായം ഇതിനോടകം ചെയ്തുവെന്ന് ഭാരവാഹികൾ പറഞ്ഞു.

വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കാൻസർ ചികിൽസ, ഹൃദ്രോഗചികിൽസ തുടങ്ങിയവയ്ക്ക് സഹായം നൽകി. കൂടാതെ നിരവധി നിർധന വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിനും സംഘടന സാമ്പത്തിക സഹായമെത്തിച്ചു.

ഹെൽപ് സേവ് ലൈഫിന്റെ 95% ഗുണഭോക്താക്കളും കേരളീയരാണ്. ഇതര സംസ്ഥാനങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. ഫെഡറൽ ഗവൺമെന്റിന്റെ 501(ഃ)3 സി അംഗീകാരം ലഭിച്ച ഹെൽപ് സേവ് ലൈഫിലേക്കുള്ള സംഭാവനകൾക്ക് നികുതിയിളവ് ലഭിക്കും.

സംഘടനാംഗങ്ങൾക്ക് നേരിട്ടോ സുഹൃത്തുക്കൾ വഴിയോ ലഭിക്കുന്ന സഹായ അപേക്ഷകൾ പരിഗണിച്ചാണ് സഹായം ലഭ്യമാക്കുന്നത്. അപേക്ഷകർ വരുമാന രേഖയും ആതുര സഹായത്തിന് ഡോക്ടറുടെയും വിദ്യാഭ്യാസ സഹായത്തിന് അധികാരികളുടെയും സാക്ഷ്യപത്രവും നൽകേണ്ടതാണ്. പ്രതിമാസം രണ്ടു മുതൽ മൂന്നു വരെ അപേക്ഷകർക്ക് 25000 മുതൽ 50000 രൂപ വരെ സഹായമെത്തിക്കും.

വർഷാദ്യം തിരഞ്ഞെടുക്കപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ കാരുണ്യപ്രസ്ഥാനത്തിന്റെ മേൽനോട്ടം നടത്തുന്നത്.

കൂടുതൽ വിവരങ്ങൾക്ക്:
പബ്ലിക് റിലേഷൻസ് ജോമോൻ ജോർജ് (emailjomon@gmail.com)
റീജനൽ കോ – ഓർഡിനേറ്റേഴ്സ്:
ജോസഫ് സാമുവൽ, യുഎസ് വെസ്റ്റ് കോസ്റ്റ് (jmails@gmail.com)
ലാലു വാഴേക്കാട്ട് യുഎസ് മിഡ് വെസ്റ്റ് (lalu thomas@yahoo.com)
ബേസിൽ കുര്യാക്കോസ് യുഎസ് സെൻട്രൽ (bazil17@yahoo.com)
തോമസ് സേവ്യർ, ഇന്ത്യാ (thomas@webteck.in)
**വാർത്ത അയച്ചത്: ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**